**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1370** **19-09-2025 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലം തകർന്നുവീണ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലം തകർന്നുവീണ സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോഴിക്കോട് കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലത്തിന്റെ ഒരു ഫോം വർക്കിൽ ഉണ്ടായ അപകടവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ആഭ്യന്തര വിജിലൻസ് വിഭാഗം അന്വേഷണം നടത്തി 22.08.2025 തീയതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അപകടത്തെകുറിച്ച് വിശദമായ പരിശോധനയ്ക്കായി വിദഗ്ധ ഏജൻസിയുടെ സഹായം തേടുന്നതിന് പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശുപാർശ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനായി കോഴിക്കോട് NIT-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നിർമ്മാണത്തിലെ അപാകത അപകടത്തിന് കാരണമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (ബി) | എ പിരിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത സംഭവത്തിൽ ഏതൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്നും അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (സി) | എ പിരിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ